**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **22-01-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ വന്യമൃഗശല്യം ഒഴിവാക്കുന്നതിന് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിൽ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന മലയാറ്റൂർ-നീലേശ്വരം, അയ്യമ്പുഴ എന്നീ പഞ്ചായത്തുകളിൽ വന്യമൃഗ ശല്യം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട മലയാറ്റൂർ - നിലേശ്വരം ഗ്രാമപഞ്ചായത്തിന്റെ, വനമേഖലയോട് ചേർന്നുള്ള, 3, 6, 7 വാർഡുകളിലാണ് വന്യജീവി ശല്യം കൂടുതലായിട്ടുള്ളത്. അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള '-യുടെ കല്ലാല എസ്റ്റേറ്റിനോട് ചേർന്ന് കിടക്കുന്ന വനപ്രദേശങ്ങളിലും, കണ്ണിമംഗലം, പാണ്ടുപാറ മേഖലകളിലും വന്യജീവി ശല്യവും, കാട്ടാന, കാട്ടുപന്നി, മ്ലാവ് തുടങ്ങിയവയുടെ ആക്രമണംമൂലം വിളനാശവും, കാട്ടുനായ്ക്കൾ, പുലികൾ എന്നിവയുടെ ആക്രമണംമൂലം കന്നുകാലി നാശവും സംഭവിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മണ്ഡലത്തിൽ നിന്നും എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി പ്രദേശങ്ങളിൽനിന്നും ആകെ 207 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിന് രണ്ട് പഞ്ചായത്ത് പരിസരത്തും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വന്യജീവി ആക്രമണസാധ്യതയുള്ള പ്രദേശങ്ങളിൽ, ഫലപ്രദമായി പട്രോളിംഗ് നടത്തി, വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ച വരുന്നു. കണ്ണിമംഗലം മേഖലയിൽ 8.36 ലക്ഷം രൂപ ചെലവിൽ 4 കി.മീ. ദൂരത്തിൽ സൌരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. അറ്റകുറ്റ പണികൾ ആവശ്യമായ സൌരോർജ്ജ വേലികൾ, അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കു ന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട. വന്യജീവികൾ ജനവാസ മേഖലയ്ക്ക് സമീപം എത്തിയാൽ അറിയിക്കുന്നതിനായി ടെലഫോൺ നമ്പരുകൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. രാപ്പകൽ വ്യത്യാസമില്ലാതെ ഫോൺ കോളുകൾ സ്വീകരിച്ച് ഉടൻ തന്നെ |

| | | | |
|---|---|---|---|
| | | | സ്ഥലത്ത് എത്തിച്ചേർന്ന് വന്യജീവികളെ തിരികെ കാട്ടിലേക്ക് കയറ്റി വിടടന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അവശ്യ സന്ദർഭങ്ങളിൽ ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന 'സോഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ വിങ് -ന്റെ സേവനവും ഇതിനായി ഉപയോഗപ്പെടുത്തുന്നു. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം, ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, സമയബന്ധിതമായി നൽകി വരുന്നുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തിയും, ജനങ്ങളിൽ നിന്നും വന്യജീവി സാന്നിധ്യം സംബന്ധിച്ച് സന്ദേശം ലഭിക്കുമ്പോൾത്തന്നെ പ്രദേശത്ത് എത്തിച്ചേർന്നും, ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ടി പ്രശ്നം പരമാവധി ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | അങ്കമാലി മണ്ഡലത്തിലെ വന്യമൃഗ ശല്യം ഒഴിവാക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വന്യമൃഗ ശല്യം ഒഴിവാക്കുന്നതിന്, ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച്, പ്രതിരോധപ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ